"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജിന്റെ ഭാഗമായ മണ്ണെണ്ണ വിതരണം - ഫണ്ട് റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.36/2026/F&P തീയതി,തിരുവനന്തപുരം, 13-01-2026

---

പരാമർശം:-

1. 10-11-2017-ാം തീയതിയിലെ സ.ഉ.(കൈ) നം. 25/2017/മ.തു.വ.
2. 30-04-2022-ാം തീയതിയിലെ സ. ഉ. (സാധാ) നം. 270/2022/മതുവ.
3. ബഹു. തുറമുഖ സഹകരണ ദേവസ്വം വകുപ്പ് മന്ത്രി, ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ 10-07-2024 തീയതിയിൽ ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്.
4. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 23-10-2024-ാം തീയതിയിലെ VISL/2062/2020-GM1(E)/632 നമ്പർ കത്ത്
5. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 17-07-2025-ാം തീയതിയിലെ VISL/2062/2020-GM1(E)/352 നമ്പർ കത്ത്
6. 21-10-2025-ാം തീയതിയിലെ GO(Rt) നം 438/2025/P&EA.
7. 07-11-2025-ാം തീയതിയിലെ G.O.(Rt)No.9073/2025/Fin.

**ഉത്തരവ്**

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണ കാലയളവിൽ വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തുനിന്ന് പുറപ്പെടുന്നതും, വിഴിഞ്ഞം സൗത്ത്, വിഴിഞ്ഞം നോർത്ത്, അടിമലത്തുറ എന്നീ മത്സ്യ ഗ്രാമങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഔട്ട് ബോർഡ് എഞ്ചിൻ ഘടിപ്പിച്ച അംഗീകൃത യാനങ്ങൾക്ക് പുലിമുട്ട് നിർമ്മാണ കാലയളവായ 2 വർഷത്തേക്ക് LIAC അപ്പീൽ കമ്മിറ്റിയുടെ ശിപാർശ അനുസരിച്ച് എഞ്ചിൻ കപ്പാസിറ്റി കണക്കാക്കി ലിറ്ററിന് 60 - രൂപ നിരക്കിൽ. 3, 4, 5 ലിറ്റർ മണ്ണെണ്ണ വീതം മത്സ്യഫെഡ് മുഖാന്തിരം വിതരണം ചെയ്യുന്നതിന് പരാമർശം 1 പ്രകാരം ഉത്തരവായിട്ടുണ്ട്.

2. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണ കാലയളവിൽ വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തു നിന്ന് പുറപ്പെടുന്നതും, വിഴിഞ്ഞം സൗത്ത്, വിഴിഞ്ഞം നോർത്ത്, അടിമലത്തുറ എന്നീ മത്സ്യഗ്രാമങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഔട്ട് ബോർഡ് എഞ്ചിൻ ഘടിപ്പിച്ച അംഗീകൃത യാനങ്ങൾക്ക് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഒരു വർഷത്തേക്ക് (വർഷത്തിൽ 240 പ്രവൃത്തി ദിനങ്ങൾ എന്ന കണക്കിൽ) മണ്ണെണ്ണ വിതരണത്തിന് പരാമർശം 2 പ്രകാരം അനുമതി നല്കി ഉത്തരവായിട്ടുണ്ട്.

3. വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയം സംബന്ധിച്ച് ബഹു. തുറമുഖ - മത്സ്യബന്ധന വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ 10-07-2024

തീയതിയിൽ ചേർന്ന യോഗത്തിൽ താഴെ പറയുന്ന തീരുമാനം തീരുമാനമെടുക്കുകയുണ്ടായി.

"പോർട്ട് കമ്മീഷൻ ചെയ്യുന്ന സാഹചര്യത്തിൽ "മത്സ്യഫെഡ് മുഖേനെ മണ്ണെണ്ണ വിതരണം ചെയ്യുന്ന പദ്ധതി 2024 ഡിസംബർ 31 വരെ കൂടി ദീർഘിച്ചിച്ച് പദ്ധതി അവസാനിപ്പിക്കാൻ തിരുമാനിച്ചു. പ്രസ്തുത തീയതി വരെയുള്ള മണ്ണെണ്ണ ഘട്ടം ഘട്ടമായി അനുവദിക്കാനും തിരുമാനിച്ചു. ഇത് സ്വബന്ധിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവിൽ ചുവടെ പറയുന്ന് വ്യവസ്ഥകൾ ഉൾപ്പെടുത്താനും തിരുമാനിച്ചു."

a) ഒറിജിനൽ ലിസ്റ്റിൽ ഉണ്ടായിരുന്ന എഞ്ചിനുകൾക്ക് പകരം പുതിയ എഞ്ചിനോ, യാനത്തിന് പകരം പുതിയ യാനമോ, പഴയവക്ക് പകരം രജിസ്റ്റർ ചെയ്ത യാനത്തിനോ എഞ്ചിനോ ആനുകൂല്യത്തിന് അർഹതയുണ്ട്.

b) ഒറിജിനൽ ലിസ്റ്റിൽ ഉണ്ടായിരുന്ന യാന ഉടമകൾ മരണപ്പെട്ടാൽ നിയമാനുസൃത അവകാശികൾക്കും ആനുകൂല്യം അനുവദിക്കാവുന്നതാണ്.

c) നിയമാനുസൃതം രജിസ്ട്രേഷനും ലൈസൻസും ഉള്ളതും ഒറിജിനൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതുമായ എല്ലാ എഞ്ചിനുകൾക്കും കാലപ്പഴക്കം കണക്കിലെടുക്കാതെ മണ്ണെണ്ണക്കുള്ള തുക അനുവദിക്കാവുന്നതാണ്.

d) പദ്ധതി പ്രകാരം മണ്ണെണ്ണ വിതരണം ആരംഭിച്ച തീയതി സംബന്ധിച്ച് ഉത്തരവിൽ വ്യക്തമാക്കേണ്ടതാണ്.

4. VISL, Matsyafed, PIU എന്നിവർ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ, 2022 മാർച്ച് മുതൽ 2024 ഡിസംബർ വരെ മണ്ണെണ്ണ വിതരണത്തിനായി ആകെ 54.42,44,686.16 രൂപ ആവശ്യമുള്ളതായി മത്സ്യഫെഡ് അറിയിച്ചതായി വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം 4 പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

5. മണ്ണെണ്ണ വിതരണം ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 12-11-2024-ാം തീയതിയിൽ ചേർന്ന യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, മത്സ്യഫെഡ്, PIU, VISL എന്നിവർ സംയുക്തമായി യോഗം ചേരുകയും, മണ്ണെണ്ണ വിതരണത്തിനായി ആകെ 34,18,52,90/- രൂപ ആവശ്യമാണെന്നും അതിനാൽ മണ്ണെണ്ണ വിതരണം ടി രീതിയിൽ നടത്തുവാനായുള്ള ഭരണാനുമതിയും സർക്കാർ നിശ്ചയിക്കുന്ന ക്യാഷ് ഫ്ലോ അടിസ്ഥാനമാക്കിയുള്ള ഫണ്ടും അടിയന്തിരമായി അനുവദിക്കുവാനും വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം 5 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

6. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് നിയമാനുസൃത രജിസ്ട്രേഷനുള്ള 1256 എഞ്ചിനുകളിൽ 934 എഞ്ചിനുകൾക്ക് 2022 മാർച്ച് മുതൽ 2024 ഡിസംബർ (34 മാസം) വരെയും, 322 എഞ്ചിനുകൾക്ക് (1256-934-322) 2023 മാർച്ച് മുതൽ 2024 ഡിസംബർ വരെയും (22 മാസം) മണ്ണെണ്ണ ആനുകൂല്യം മത്സ്യഫെഡ് മുഖാന്തിരം നല്കുന്നതിലേക്കായി 34,18.52,979.46/- രൂപ പരാമർശം 6 പ്രകാരം അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

7. പരാമർശം 7 ലെ ഉത്തരവ് പ്രകാരം മണ്ണെണ്ണ വിതരണത്തിനായി Rs.34,18,53,000/- (മുപ്പത്തിനാല് കോടി, പതിനെട്ട് ലക്ഷത്തി, അമ്പത്തി മൂവായിരം രൂപ) അധിക ധനവിനിയോഗമായി 5051-01-001-99 Development of Vizhinjam Deep Water International Transhipment Terminal (PV) എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

8. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് നിയമാനുസൃത രജിസ്ട്രേഷനുള്ള 1256 എഞ്ചിനുകളിൽ 934 എഞ്ചിനുകൾക്ക് 2022 മാർച്ച് മുതൽ 2024 ഡിസംബർ (34 മാസം) വരെയും, 322 എഞ്ചിനുകൾക്ക് (1256-934-322) 2023 മാർച്ച് മുതൽ 2024 ഡിസംബർ വരെയും (22 മാസം) മണ്ണെണ്ണ ആനുകൂല്യം മത്സ്യഫെഡ് മുഖാന്തിരം നല്കുന്നതിലേക്കായി 34,18.52,979.46/-(മുപ്പത്തി

നാല്പ കോടി പതിനെട്ട് ലക്ഷത്തി അൻപത്തി രണ്ടായിരത്തി തൊള്ളായിരത്തി എഴുപത്തി ഒൻപതു രൂപ നാൽപത്തി ആറു പൈസ മാത്രം) രൂപ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മണ്ണെണ്ണ വിതരണത്തിന് തുക റിലീസ് ചെയ്ത് ഉത്തരവാകുന്നു.

i) Funds should not be parked in banks or other financial institutions.

ii) Funds should be used for the specific purpose for which it is released and not diverted for any other purpose.

iii) Utilization certificate along with component wise expenditure statement should b e furnished in the prescribed form as per the GO(Ms) No.4/2020/FIN Fin dated 09/01/2020 along with the request for next release.

iv) Instructions issued in Circular No 84/2008/Fin dated 09/12/2008, Circular N o 75/2009/Fin dated 29/08/2009 and Circular No. 08/2018/Fin dated 30/01/2018, Circular No. 01/2021/Fin dated 04/01/2021 should be scrupulously followed.

9. നടപ്പ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുന്നോടിയായി അനുവദിച്ച തുക പുനർവിനിയോഗം അല്ലെങ്കിൽ അധിക ധനാഭ്യർത്ഥന മുഖേന അധിക ചെലവ് ക്രമീകരിക്കുന്നതിനാവശ്യമായ ശിപാർശ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ, സമയബന്ധിതമായി സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRASANTHA V K
ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്, തിരുവനന്തപുരം
ഡയറക്ടർ, ഫിഷറീസ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ആസൂത്രണകാര്യ സാമ്പത്തികകാര്യ വകുപ്പ് (21-10-2025-ാം തീയതിയിലെ PLGEA-A2/67/2025-PLGEA നം. ഫയൽ പ്രകാരം)
ധനകാര്യവകുപ്പ് (15-11-2025 -ാം തീയതിയിലെ No.1570976/PU-B3/56/2020-FIN നം. ഫയൽ പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shajish P
Date: 14-01-2026 11:02:51

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. തുറമുഖ സഹകരണ ദേവസ്വം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്